**കേരള കാർഷിക സർവകലാശാല വാർത്തകൾ**

**(ജൂലായ് 13 – 19, 2018)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**E-mail: ccmannuthy@kau.in, Phone: 0487-2370773)**

**No. C3/4/2018 – 29** **Dt. 12.07.2018**

**ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ**

ഞാറു നട്ട പാടങ്ങളിൽ 20 ദിവസം കഴിയുമ്പോൾ ഒന്നാം മേൽ വളം ചേർക്കാം. മിഥുനം ആദ്യം നട്ട നെല്ലിനു രണ്ടാമത്തെ വളം ചേർക്കലും ഈ മാസത്തിൽ നടത്തേണ്ടി വരും. രണ്ടാമത്തെ വളപ്രയോഗത്തിൽ ഇനങ്ങളുടെ മൂപ്പനുസരിച്ച് ശുപാർശ ചെയ്തിട്ടുള്ള തോതിൽ യൂറിയയും പൊട്ടാഷും ചേർക്കണം. കൊയ്യുന്നതിനു 60 ദിവസം മുൻപെങ്കിലും രണ്ടാമത്തെ വളം ചേർക്കൽ നടത്തിയിരിക്കണം. പോള രോഗത്തിനും ഗാളീച്ചയ്ക്കുമെതിരെ സംരക്ഷണ നടപടികൾ സ്വീകരിക്കണം. പോള രോഗത്തിന് ഹേതുവായ കുമിളിന് മണ്ണിൽ വർഷങ്ങളോളം ജീവിക്കാൻ സാധിക്കും. നെൽച്ചെടിയുടെ ഏറ്റവും പുറമേയുള്ള ഓലകൾ മഞ്ഞനിറമാകുന്നതാണ് പെട്ടെന്ന് കാണുന്ന ലക്ഷണം. കടഭാഗം നോക്കിയാൽ ജലനിരപ്പിന് തൊട്ടു മുകളിലായി ഇലപ്പോളകളിൽ കറുത്ത പാടുകൾ കാണാം. ചിലപ്പോൾ തിളച്ച വെള്ളം വീണ് പൊള്ളിയതു പോലെ ചാര നിറം കലർന്ന ഇളം പച്ച പാടുകളായിരിക്കും കാണുക. ഈ പാടുകൾ ക്രമേണ തണ്ടു മുഴുവൻ വ്യാപിച്ച് ഇലകളിലേക്കും പടരാം. അങ്ങനെ വന്നാൽ പോളകളും ഇലകളും അഴുകി വിള മൊത്തമായും നശിക്കാൻ ഇടയുണ്ട്. കതിരു വന്ന പ്രായത്തിലാണ് രോഗബാധയെങ്കിൽ കതിര് വരാതിരിക്കുകയോ അഥവാ വന്നാൽ തന്നെ മണികൾ പതിരാവുകയോ ചെയ്യും. കുമിൾ മൂലമുണ്ടാകുന്ന ഈ രോഗം വരാതിരിക്കുന്നതിനുള്ള മുൻ കരുതലായി സ്യൂഡോമോണാസ് എന്ന ബാക്ടീരിയൽ മിശ്രിതം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം. നെൽപാടങ്ങളിൽ നിരന്തരം പരിശോധന നടത്തണം. തുടക്കത്തിൽ തന്നെ രോഗലക്ഷണങ്ങൾ കണ്ടു തുടങ്ങുമ്പോൾ നിയന്ത്രിക്കാനായി കാർബൻഡാസിം ഒരേക്കറിന് 200 ഗ്രാം 200 ലിറ്റർ വെള്ളത്തിൽ കലക്കി സ്പ്രേ ചെയ്യുകയും വേണം.

തുടർച്ചയായ മഴയും മൂടി കെട്ടിയ അന്തരീക്ഷ സ്ഥിതിയും തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടുപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. അതിനാൽ ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക. ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണുകയാണെങ്കിൽ 1 മില്ലി ഫ്ളുബെൻഡയാമിഡ് 10 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.

തെങ്ങിൻ തടങ്ങളിൽ പച്ചിലവളച്ചെടികളായ പയർ, ഡെയിഞ്ച തുടങ്ങിയവയുടെ വിത്തുകൾ വിതയ്ക്കാം. 1.5 – 2 മീറ്റർ ചുറ്റളവുള്ള ഒരു തെങ്ങിൻ തടത്തിൽ 50 ഗ്രാം വിത്ത് പാകാം. രണ്ടര – മൂന്ന് മാസങ്ങൾക്ക് ശേഷം ഇവ തടത്തിൽ ഇട്ട് മണ്ണിൽ കൂട്ടി ചേർക്കാവുന്നതാണ്. തുടർച്ചയായ മഴയും വെള്ളക്കെട്ട് മൂലുവും, തെങ്ങിൽ കൂമ്പുചീയൽ രോഗം വരാൻ സാധ്യതയുണ്ട്. തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ (5 ഗ്രാം) മൂന്നു പായ്ക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി കൂമ്പിലേക്ക് ഒലിച്ചിറങ്ങുന്നതു വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കാം.

കൊമ്പുണക്കം ചെറുമാവുകളുടെ പ്രധാന രോഗമാണ്. ഇത് കുമിൾ ബാധ മൂലമാണ് ഉണ്ടാകുന്നത്. ഉണങ്ങിയ ചില്ലയുടെ ചുവടറ്റത്തുള്ള കമ്പ് പരിശോധിച്ചാൽ കുമിൾ ബാധമൂലമുള്ള നിറവ്യത്യാസം കാണാം. അതിനു താഴെ വച്ച് കേടു വന്ന കമ്പ് മുറിച്ചു മാറ്റിയതിനു ശേഷം മുറിപ്പാടിൽ ബോർഡോ കുഴമ്പ് തേയ്ക്കണം. മുറിച്ചു മാറ്റിയ കമ്പുകളും ഉണങ്ങിയ ഇലകളും തീയിട്ട് നശിപ്പിക്കണം.

വള്ളിപ്പയറിന്റെ കരിമ്പൻ കേടിനെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കണം. പയറിന്റെ തണ്ടുകളിൽ കറുത്ത പൊട്ടുകളുണ്ടായി ക്രമേണ ഇലകൾ മഞ്ഞളിക്കുകയും പൊഴിഞ്ഞു പോവുകയും ചെയ്യുന്നതാണ് രോഗലക്ഷണം. ഇത് ഒരു മഴക്കാല രോഗമാണ്. ഇതിനെ പ്രതിരോധിക്കുന്നതിന് സ്യൂഡോമോണാസ് ഫ്ലൂറസൻസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളിലും തണ്ടുകളിലും തളിക്കുന്നത് ഫലപ്രദമാണ്.

കുരുമുളകിന്റെ കൊടിത്തലകൾ ഇളകി വീണിട്ടുള്ളവ പിടിച്ചു കെട്ടണം. തണൽ കൂടിയാൽ പൊള്ളുവണ്ടിന്റെ ആക്രമണവും കുമിൾരോഗങ്ങളും കൂടും. തന്മൂലം കായ് പിടുത്തം കുറയും. അതുകൊണ്ട് താങ്ങുമരത്തിന്റെ ചില്ലകൾ മുറിച്ചു മാറ്റി കഴിയുന്നത്ര സൂര്യപ്രകാശം കൊടിയിൽ പതിക്കാൻ ആവശ്യമായ സൗകര്യം ചെയ്യണം. കുരുമുളകു തോട്ടങ്ങളിൽ ദ്രുതവാട്ടത്തിനെതിരെ മുൻകരുതലുകൾ എടുക്കണം. ദ്രുതവാട്ടം വന്ന് ഉണങ്ങിയതും കേടുവന്നതുമായ വള്ളികൾ മുറിച്ചു മാറ്റി തീയിട്ടു നശിപ്പിക്കണം. ദ്രുതവാട്ടത്തിനെതിരെ ട്രൈക്കോഡെർമ്മ എന്ന കുമിളിന്റെ കൾച്ചർ ഉപയോഗിക്കുന്നത് ഫലപ്രദമായിരിക്കും. ഒരു കിലോഗ്രാം ട്രൈക്കോഡെർമ്മ 10 കിലോ ഗ്രാം വേപ്പിൻ പിണ്ണാക്ക്, 90 കിലോഗ്രാം ഉണക്കിപ്പൊടിച്ച ചാണകം എന്നിവ ചേർത്ത് നല്ല തണലുള്ളതും വെള്ളം കയറാത്തതുമായ സ്ഥലത്ത് കൂട്ടിക്കലർത്തി രണ്ടാഴ്ച്ചയിടുക. ഇടയ്ക്ക് ഇളക്കികൊടുക്കുകയും, ചെറിയ ഈർപ്പം നിലനിർത്താൻ വെള്ളം തളിയ്ക്കുകയും വേണം. ഈ മിശ്രിതം കുരുമുളക് ചെടിയുടെ ചുവട്ടിൽ ചേർത്ത് കൊടുത്താൽ വാട്ടരോഗം വരാതിരിക്കുന്നതിന് ഒരു പരിധി വരെ സഹായിക്കും. അല്ലെങ്കിൽ സ്യൂഡോമോണാസ് ഒരു കിലോഗ്രാം 20 കിലോഗ്രാം ചാണകപ്പൊടിയുമായി കൂട്ടിക്കലർത്തി ഇട്ടു കൊടുക്കുന്നതും രോഗം നിയന്ത്രിക്കാൻ സഹായിക്കും.

വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം തടയുന്നതിനായി പ്രതിരോധ നടപടികൾ സ്വീകരിക്കണം. വണ്ടുകൾ ചെടിയുടെ അവശിഷ്ടഭാഗങ്ങളിലും അഴുകിയ വസ്തുക്കളിലുമാണ് ഒളിച്ചിരിക്കുന്നത്. ഇവയുടെ ആക്രമണം തടയുന്നതിന് ആദ്യമായി ചെയ്യേണ്ടത് കൃഷിയിടം വൃത്തിയാക്കി വെയ്ക്കുക എന്നതാണ്. വേപ്പിൻ സത്തടങ്ങിയ കീടനാശിനിരൂപികകൾ (1%) 4 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി വാഴയുടെ തടഭാഗത്തും ഇലക്കവിളുകളിലും തളിക്കുന്നത് നല്ലതാണ്. ആക്രമണം രൂക്ഷമാകുമ്പോൾ ക്ലോർപൈറിഫോസ് എന്ന കീടനാശിനി 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ഇലക്കവിളിലും വാഴത്തടയിലും ഒഴിക്കുക. നേന്ത്രവാഴയ്ക്ക് ചിലയിടങ്ങളിൽ ബാക്ടീരിയമൂലം ഉണ്ടാകുന്ന മാണം അഴുകൽ രോഗം കാണുന്നുണ്ട്. വാഴയുടെ ഇലകൾ മഞ്ഞളിക്കുകയും, വാഴക്കൈകൾ ഒടിയുകയും ക്രമേണ വാഴ കടയോടെ മറിഞ്ഞു വീഴുകയും ചെയ്യും. വാഴയുടെ മാണം ചീഞ്ഞ് അഴുകിയതായും കാണാം. മണ്ണിലൂടെയാണ് രോഗം പകരുന്നത് എന്നതു കൊണ്ട് ഇത് നിയന്ത്രിക്കുന്നതിനായി നീർവാർച്ച ഉറപ്പുവരുത്തണം. സ്ട്രെപ്റ്റോസൈക്ലിൻ ആന്റിബയോട്ടിക് 2 ഗ്രാം, കോപ്പർ ഓക്സിക്ലോറൈഡ് 30 ഗ്രാം ഇവയിൽ ഏതെങ്കിലും ഒന്ന് 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി രോഗം വന്ന വാഴയുടെയും, ചുറ്റും നിൽക്കുന്നവയുടെയും കടയ്ക്കൽ മണ്ണു കുതിരുന്ന വിധത്തിൽ ഒഴിച്ചു കൊടുക്കുകയും ചെയ്യുക.

വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച വാഴയുടെ ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ഫ്ളുബെൻ്റാമിഡ് (ഫെയിം) 10 ലിറ്റർ വെളളത്തിൽ കലക്കി തളിക്കുക.

കാലവർഷത്തിൽ ജാതിതോട്ടങ്ങളിൽ ക്രമാതീതമായി ഇലകൊഴിച്ചിൽ കണ്ടുവരാറുണ്ട്. ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം മുൻകരുതൽ എന്ന നിലയ്ക്ക് ഒരു ഹെക്ടറിന് 3000 – 4000 ലിറ്റർ എന്ന കണക്കിന് തളിക്കാവുന്നതാണ്. കോപ്പർ ഓക്സി ക്ലോറൈഡ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിന് എന്ന കണക്കിൽ നേർപ്പിച്ച് തളിക്കുന്നതും ഈ രോഗം നിയന്ത്രിക്കാൻ സഹായിക്കും.

കാലാവസ്ഥ

കേരള കാർഷിക സർവ്വകലാശാലയുടെ കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗം, അടുത്ത ആഴ്ച കേരളത്തിൽ ശരാശരിയിൽ കുറവ് മഴയ്ക്കാണ് സാധ്യത എന്ന് അറിയിക്കുന്നു.

**അറിയിപ്പ്**

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ മാവ്/ പച്ചക്കറി എന്നിവയ്ക്കുള്ള ജൈവ കീടനാശിനികൾ (സ്യൂഡമോണാസ്, ബ്യുവേറിയ, ട്രൈക്കോഡെർമ) ചെറിയ പായ്ക്കറ്റുകളിലാക്കി വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ: **0487 – 2370773.**

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487–2370773**

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ സസ്യപ്രജനന മാർഗ്ഗങ്ങളായ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് എന്നീ വിഷയങ്ങളിൽ **2018 ജൂലൈ 18, 19, 20** എന്നീ തിയ്യതികളിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 1500/- രൂപ രജിസ്ട്രേഷൻ ഫീസ് നിശ്ചയിച്ചിട്ടുള്ള പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ **0487 — 2370773, 9605612478, 9010929419** എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഒപ്പ്/-**
**പ്രൊഫസർ & ഹെഡ്**
**കമ്മ്യൂണിക്കേഷൻ സെന്റർ**